ജീവിതത്തിലുണ്ടാവുന്ന നന്മകൾ അല്ലാഹു അവന് നൽകിയിട്ടുള്ളതാണ് എന്ന് വിശ്വസിക്കുകയും അതിൽ അഹങ്കരിക്കാതിരിക്കുകയും ചെയ്യുക. ജീവിതത്തിലുണ്ടാവുന്ന വിഷമങ്ങൾ അല്ലാഹുവിന്റെ പരീക്ഷണമാണെന്ന് വിശ്വസിക്കുകയും അതിൽ ക്ഷമ പാലിക്കുകയും ചെയ്യുക എന്നുള്ളത് ഇസ്‌ലാമികാദർശത്തിൽ ഉൾപ്പെടുന്നു.

Printed and Published by
**Sathya Sarani, P.B. No. 23,**
Manjeri - 676 121



# നമ്മുടെ ഇസ്‌ലാം — 3

സത്യസരണി

# പരലോക വിശ്വാസം

പൂർണ്ണതയാണ് മനുഷ്യൻ ഇഷ്ടപ്പെടുന്നത്. അപൂർണ്ണത അസ്വാസ്ഥ്യമുണ്ടാക്കുന്നു. ഈ ഭൗതികജീവിതം പൂർണ്ണമാണ് എന്ന സംതൃപ്തി ഒരിക്കലും നമുക്ക് ഉണ്ടാവാറില്ല. ഇവിടെ ചിലർക്ക് സമ്പന്നതയും ചിലർക്ക് ദാരിദ്ര്യവും നല്കപ്പെട്ടിരിക്കുന്നു. ചിലർക്ക് സൗന്ദര്യമാണെങ്കിൽ മറ്റു ചിലർക്കതില്ല. ബുദ്ധിയുള്ളവരും ബുദ്ധികുറവുള്ളവരുമുണ്ട്. ആരോഗ്യവാന്മാരും ദുർബ്ബലരും ആധിപത്യമുള്ളവരും അടിമത്തമനുഭവിക്കുന്നവരും നമുക്കിടയിലുണ്ട്. അനീതിയും അക്രമവും ചെയ്യുന്നവർ പരിപൂർണ്ണ അർത്ഥത്തിൽ ഇവിടെ ശിക്ഷിക്കപ്പെടാറില്ല. നന്മക്കും നീതിക്കും വേണ്ടി നിലകൊള്ളുന്നവർ ചിലപ്പോൾ അതിനുള്ള പരിശ്രമങ്ങളിൽ അതിക്രൂരമായി കൊലചെയ്യപ്പെടാറുണ്ട്. കളങ്കമറിയാത്ത കുരുന്നുകൾ പോലും രോഗം മൂലമോ, അപകട കാരണമോ ക്രൂരതക്ക് വിധേയരാക്കപ്പെട്ടോ മരണപ്പെടാറില്ലേ?

അക്രമവും അനീതിയും കൊള്ളയും കൊലയും ചെയ്ത് ശിക്ഷിക്കപ്പെടാതെ മരണപ്പെട്ടുപോകുന്നവർക്ക് അർഹമായ ശിക്ഷ വേണ്ടേ? നന്മക്കും നീതിക്കും നിലകൊള്ളുകയും ഭൗതികമായി ഒന്നും നേടാതെ മരിച്ച് പോവുകയും ചെയ്യുന്നവർക്ക് പ്രതിഫലം വേണ്ടേ? മരണാനന്തര ജീവിതത്തിന്റെ ആവശ്യകതയിലാണ് ഈ ചോദ്യങ്ങൾ നമ്മെ എത്തിക്കുന്നത്.

ഭൂമിയിലെ ഈ ജീവിതം വെറും പരീക്ഷണമാണെന്നും മരണത്തിനു ശേഷം അഭിമുഖീകരിക്കാനുള്ള ജീവിതമാണ് യഥാർത്ഥജീവിതം എന്നും ഇസ്‌ലാം പഠിപ്പിക്കുന്നു.

ഈ ഭൗതിക ജീവിതത്തിൽ അല്ലാഹു നൽകിയിട്ടുള്ള സന്താനങ്ങളും വസ്തുക്കളും അല്ലെങ്കിൽ അവ നൽകാതിരിക്കലും വെറും പരീക്ഷണോപാധികൾ മാത്രമാണ്. പരലോകജീവിതത്തിൽ വിജയം ലഭിക്കണമെങ്കിൽ ഈ ജീവിതവും അതിലെ വിഭവങ്ങളും അല്ലാഹു അവന്റെ പ്രവാചകന്മാർ മുഖേനയും വേദഗ്രന്ഥങ്ങളിൽകൂടിയും നിർദ്ദേശിച്ചതിനനുസരിച്ച് വിനിയോഗിക്കേണ്ടതുണ്ട്.

മരണത്തോടുകൂടി തന്നെ പരലോകജീവിതത്തിന് തുടക്കം കുറിക്കപ്പെടുകയായി. ഭൗതികജീവിതത്തിലെ പ്രവർത്തനങ്ങൾ നമ്മുടെ ആത്മാവിനെ മലിനപ്പെടുത്തുകയോ ശുദ്ധീകരിക്കുകയോ ചെയ്തുകൊണ്ടിരിക്കുന്നു. സൽക്കർമ്മങ്ങൾ പ്രവർത്തിക്കുന്നവൻ അവന്റെ ആത്മാവിനെ ശുദ്ധീകരിച്ചുകൊണ്ടിരിക്കുകയും ദുഷ്കർമ്മങ്ങൾ ചെയ്യുന്നവർ അതിനെ മലിനമാക്കുകയും ചെയ്യുന്നു. "ആത്മാവിനെ ആർ സംസ്കരിച്ചുവോ അവൻ വിജയിച്ചിരിക്കുന്നു. അതിനെ ആർ മനിലമാക്കിയോ അവൻ പരാജയപ്പെടുകയും ചെയ്തിരിക്കുന്നു." (ഖുർ ആൻ 91:8)

ഭൗതികജഡവും ആത്മാവും തമ്മിലുള്ള വേർപാടാണ് മരണം. ഒരാളുടെ ഭൗതികജീവിതത്തിന്റെ അവസാനവും പാരത്രിക ജീവിതത്തിന്റെ ആരംഭവും ആയിക്കഴിഞ്ഞാൽ അയാളുടെ ആത്മാവിനെ പിടിച്ചെടുക്കുവാൻ മലക്കുകൾ നിയോഗിക്കപ്പെടുകയായി. കണ്ണെത്താവുന്ന ദൂരത്തോളം മലക്കുകൾ അയാൾക്ക് ചുറ്റും വ്യാപിക്കുന്നു. സൽക്കർമ്മങ്ങളാൽ ശുദ്ധീകരിക്കപ്പെട്ട പരിശുദ്ധ ആത്മാവാണെങ്കിൽ കാണുമ്പോൾ തന്നെ അത്യാനന്ദമുണ്ടാവുന്ന രീതിയിൽ സുന്ദരവും ആകർഷകവും സുഗന്ധപൂരിതവുമായ വേഷമണിഞ്ഞുകൊണ്ടായിരിക്കും മലക്കുകൾ അയാളെ സമീപിക്കുക. സ്നേഹത്തോടും ബഹുമാനത്തോടുംകൂടി അവർ അയാളെ അഭിവാദനം ചെയ്യുന്നു. സ്വർഗ്ഗത്തെ സംബന്ധിച്ച് സന്തോഷവാർത്ത അറിയിക്കുകയും അതിൽ പ്രവേശിക്കുവാൻ അയാളെ ക്ഷണിക്കുകയും ചെയ്യുന്നു. "സമാ



ധാന ചിത്തനായ ആത്മാവേ? തൃപ്തിയടഞ്ഞവനായിക്കൊണ്ടും തൃപ്തിപ്പെടുത്തിയവനായിക്കൊണ്ടും നീ നിന്റെ നാഥനിലേക്ക് മടങ്ങിക്കൊള്ളുക. നീ എന്റെ ദാസന്മാരുടെ കൂടെ ചേർന്നുകൊള്ളുക. എന്റെ സ്വർഗ്ഗത്തിൽ നീ പ്രവേശിച്ചുകൊള്ളുകയും ചെയ്യുക" (ഖുർആൻ 89:29-30)

മരണം മുതൽ പുനർജന്മം വരെയുള്ള കാലഘട്ടത്തിനാണ് ഖബറിലെ ജീവിതം എന്ന് പറയപ്പെടുന്നത്. പരിശുദ്ധ ആത്മാവിന്റെ ഖബറിലേക്ക് സർഗ്ഗത്തിൽ നിന്നും ഒരും കവാടം തുറന്നുവെക്കപ്പെടുകയും സർഗ്ഗീയാനാഭൂതികളോടെ ആ ആത്മാവ് പുനർജന്മനാൾ പ്രതീക്ഷിച്ചുകൊണ്ട് പുതുമണവാളൻ മണിയറയിൽ സുഖ: നിദ്രകൊള്ളുന്നതുപോലെ കഴിഞ്ഞുകൂടുകയും ചെയ്യുന്നു.

മ്ലേഛരാത്മാവിന്റെ മരണാനുഭവങ്ങൾ നേരെ വിപരീതമായിരിക്കും. കാണാൻ ഭയം തോന്നിപ്പിക്കുന്ന ഭീകരരൂപികളായ മലക്കുകൾ മരണസമയത്ത് അവനെ സമീപിക്കുകയും നോക്കെത്താ ദൂരത്തോളം അവർ അവനെ വലയം ചെയ്യുകയും ആത്മാവിനെ പുറത്തേക്ക് വിടുവാൻ അവനോട് ആക്രോശിക്കുകയും ചെയ്യുന്നു. ആ സമയത്ത് മാത്രമേ അവന് യാഥാർത്ഥ്യബോധം ഉണ്ടാവുന്നുള്ളൂ. താൻ പുച്ഛിച്ചുതള്ളിയ കാര്യങ്ങൾ തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അൽപസമയംകൂടി ഭൂമിയിൽ ജീവിതം അനുവദിച്ചികിട്ടുവാൻ അവൻ കേണപേക്ഷിക്കുകയാണ്. 'എന്റെ നാഥാ! അൽപസമയത്തേക്ക് നീ എന്നെ ഒന്നു നീട്ടിയിട്ടു തന്നാൽ നിശ്ചയമായും ഞാൻ സൽകർമ്മകാരികളിൽപെട്ടവനായിക്കൊള്ളാം'. പക്ഷെ അവന്റെ അവധി എത്തിക്കഴിഞ്ഞതിനാൽ ഒരൊഴിവ് കഴിവും അവന് ഇനി ലഭിക്കാനില്ല. അവൻ തന്റെ ആത്മാവിനെ ഉള്ളിലേക്ക് വലിക്കുവാൻ ശ്രമിക്കുന്നു. ഭീകരരൂപികളായ മലക്കുകൾ കൈകൾ അവനിലേക്ക് നീട്ടി ആത്മാവിനെ പിടിച്ചെടുക്കുന്നു.

ഖബറിൽ അവന്റെ അനുഭവങ്ങൾ ഏറ്റവും ദുഷ്കര

മായിരിക്കും. അവന്റെ വാസസ്ഥലം ഇരുഭാഗത്തുനിന്നും ചുരുങ്ങിവരികയും അവന്റെ വാരിയെല്ലുകൾ തമ്മിൽ കോർക്കുന്ന രൂപത്തിൽ അവന് ഇടുക്കം അനുഭവപ്പെടുകയും ചെയ്യുകയാണ്. നരകത്തിലെ ദുർഗന്ധവും ചൂടും അവന്റെ വാസസ്ഥലത്തേക്ക് ആവാഹിക്കപ്പെടുന്നു. അവന്ന് ലഭിക്കാനുള്ള കഠിനമായ നരകശിക്ഷയെ സംബന്ധിച്ചുള്ള അനുഭവങ്ങൾ ഒരു ദു:സ്വപ്നത്തിലെന്നവണ്ണം അവന് കാണിക്കപ്പെടുന്നു. പുനർജന്മ നാൾ പ്രതീക്ഷിച്ച് അവൻ കഴിഞ്ഞുകൂടുകയാണ്.

നമ്മളിൽ ഓരോരുത്തരും ഈ രണ്ട് അനുഭവങ്ങളിൽ ഏതെങ്കിലും ഒന്ന് നിശ്ചയമായും അനുഭവിച്ചേ തീരൂ. എന്നാൽ അധികമാളുകളും മുന്നറിയിപ്പുകളെ അവഗണിക്കുകയും പുഛിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. മരിക്കാതെ ആരും അവശേഷിക്കുന്നതായി നമ്മൾ കാണുന്നില്ല. എന്നാലും ഓരോരുത്തനും തോന്നുന്നു അവൻ ഭൂമിയിൽ എന്നെന്നും ജീവിക്കുന്നവനാണെന്ന്. ഖബ്റിലെ അനുഭവങ്ങളെ പറ്റി ദൈവനിഷേധികൾ പരിഹസിക്കാറുണ്ട്. ഖബർ തുറന്ന് നോക്കിയാൽ അവിടെ രക്ഷയുടെയൊ ശിക്ഷയുടെയൊ അടയാളങ്ങൾ കാണുന്നില്ലല്ലോ! മനുഷ്യ ശരീരം ദഹിപ്പിക്കുകയൊ പക്ഷിമൃഗാദികൾക്ക് ഭക്ഷണമാക്കുകയൊ ചെയ്താൽ ഈ അനുഭവങ്ങളുടെ സ്ഥിതി എന്ത്? തുടങ്ങിയ ചോദ്യങ്ങൾ കേൾക്കാറുണ്ട്.

മനുഷ്യൻ മരിക്കുന്നതോടെ ശരീര പ്രാധാന്യമുള്ള ജീവിതം അവസാനിച്ചു. ശരീരപ്രാധാന്യമില്ലാത്ത ജീവിതാനുഭവങ്ങൾ കൂടെയുള്ളവർപോലും അറിയുകയില്ല. ഉറക്കിൽ നാം കാണാറുള്ള സുന്ദര സ്വപ്നങ്ങൾ അല്ലങ്കിൽ ഭീകര സ്വപ്നങ്ങൾ കൂടെ കിടക്കുന്ന ഭാര്യമാർപോലും അറിയാറില്ല. താൽകാലിക ഉറക്കിന്റെ അവസ്ഥ ഇതാണെങ്കിൽ ശാശ്വത മരണാനന്തര അവസ്ഥ പറയേണ്ടതില്ലല്ലൊ? ഇതുകൊണ്ടായിരിക്കാം "ഉറക്കം മരണത്തിന്റെ സഹോദരനാണ്" എന്ന് മുഹമ്മദ് നബി(സ) പറഞ്ഞത്.



കുട്ടികൾ കളിക്കുമ്പോൾ സോപ്പ് വെള്ളത്തിൽ കുഴൽ മുക്കി ഊതി വായുകുമിളകളുണ്ടാക്കുന്നത് കണ്ടിട്ടില്ലേ. അത്തരം കുമിളകൾ അന്തരീക്ഷം മുഴുവൻ നിറഞ്ഞു നിൽക്കുന്നത് സങ്കല്പിച്ചുനോക്കൂ. അതിൽ ചിലത് ചിലതിനെ വലയം ചെയ്യുകയും ചിലത് സ്വയം പ്രകാശിക്കുകയും ചിലത് പ്രകാശത്തെ പ്രതിഫലിപ്പിക്കുകയും ചെയ്താൽ എങ്ങിനെയുണ്ടായിരിക്കും. ഈ കുമിളകൾക്ക് അൽപസമയത്തെ ആയുസ്സ് മാത്രമേയുള്ളൂ. പ്രപഞ്ചത്തിൽ അല്ലാഹു സന്നിവേശിപ്പിച്ച് വച്ചിട്ടുള്ള അതിമഹത്തായ ശക്തിയും നമ്മുടെ ഭാവനക്കെല്ലാം വളരെ വളരെ അപ്പുറത്തുള്ള കാല ദൈർഘ്യവുമെല്ലാം കണക്കിലെടുത്താൽ ഈ കുമിളകളുടെ ലോകമാണ് നമ്മൾ ജീവിക്കുന്ന പ്രപഞ്ചം. ഈ പ്രപഞ്ചമെല്ലാം നശിപ്പിക്കപെടുന്ന ഒരു ദിവസം വരാനിരിക്കുന്നു. അതാണ് 'ഖിയാമത്ത് നാൾ' അല്ലെങ്കിൽ പുനരുത്ഥാന ദിവസം. ഖിയാമത്ത് നാൾ ഏത് വർഷം, ഏത് മാസം, ഏത് തിയ്യതിയിൽ നടക്കും എന്ന് വ്യക്തമാക്കിയിട്ടില്ല. അതിനെ സംബന്ധിച്ചുള്ള അറിവ് അല്ലാഹുവിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. ആളുകൾ സാധാരണ ജീവിതം നയിക്കുമ്പോൾ തന്നെയായിരിക്കും അത് സംഭവിക്കുക. രണ്ട് പേർ കച്ചവടത്തിന് വേണ്ടി വസ്ത്രം ചുരുളഴിച്ച് പിടിച്ചിരിക്കെ ഖിയാമത്ത് നാൾ വരുന്നു അത് മടക്കി വെക്കാനോ, കച്ചവടം പൂർത്തിയാക്കാനോ അവർക്ക് കഴിയില്ല. ഒരാൾ ഒട്ടകത്തെ കറന്ന് പാലുമായി തിരിയവെ ഖിയാമത്ത് നാൾ വരുന്നു. അത് കുടിക്കുവാനോ വീട്ടിലെത്തിക്കുവാനോ അവന് സാധിക്കുകയില്ല. കാലികളെ കുടിപ്പിക്കുവാൻ കുഴിയിൽവെള്ളം നിറക്കുമ്പോൾ! അല്ലെങ്കിൽ ഉരുള വായിലേക്ക് കൊണ്ടുപോവുമ്പോൾ! ഇങ്ങിനെയെല്ലാമായിരിക്കും ഖിയാമത്ത് നാൾ വരിക എന്ന് നബി (സ) പറഞ്ഞിരിക്കുന്നു.

ഒരു കാഹളത്തിൽ ഊതപ്പെടുന്നതോട്കൂടി ഖിയാമത്ത് നാൾ ആരംഭിക്കുകയായി. പ്രപഞ്ചത്തിലുള്ളവയെല്ലാം ഭയവിഹ്വലരായി മാറുന്നു. മുലകൊടുത്തുകൊണ്ടിരിക്കുന്ന അമ്മ ശിശുവിനെ ഉപേക്ഷിക്കുകയും, ഗർഭിണികൾ പ്രസ

വിച്ചുപോവുകയും, ജനങ്ങൾ സമനിലവിട്ട് ലഹരിബാധിച്ചവരെപ്പോലെയാവുകയും കുട്ടികൾ നരബാധിച്ചവരായിമാറുകയും, സമ്പത്തുക്കൾ ഉപേക്ഷിക്കപ്പെടുകയും, വന്യജീവികൾ പോലും ശൗര്യംവിട്ട് ഒരുമിച്ച്കൂടുകയും, എവിടെയാണ് രക്ഷാസങ്കേതം എന്നന്വേഷിച്ച് ജനങ്ങൾ പരക്കം പായുകയും ചെയ്യുന്ന ദിവസമായിരിക്കും അത്. ഭൂമി കിടുകിടാവിറപ്പിക്കപ്പെടുകയും, കീഴ്മേൽ മറിക്കപ്പെടുകയും, ഉയർത്തിത്താഴ്ത്തപ്പെടുകയും, പർവ്വതങ്ങൾ ധൂളികളാക്കി പാറിപ്പറപ്പിക്കപ്പെടുകയും സമുദ്രങ്ങൾ കരകവിയുകയും, അവയ്ക്ക് തീ പിടിക്കുകയും ചെയ്യുന്ന ദിവസം. ഗോളങ്ങൾ ആകർഷണം നഷ്ടപ്പെട്ട് പരസ്പരം കൂട്ടിയിടിക്കുകയും സൂര്യനും ചന്ദ്രനും ഒരുമിച്ച് കൂട്ടപ്പെടുകയും, അന്തരീക്ഷത്തിൽ പ്രകാശം നഷ്ടപ്പെട്ടുപോവുകയും ചെയ്യുന്നു. ആകാശം തൊലിയുരിയപ്പെടുകയും, പൊട്ടിപ്പിളരുകയും, നക്ഷത്രങ്ങൾ ഉതിർന്ന് വീഴുന്നത് പോലെ നിയന്ത്രണം നഷ്ടപ്പെട്ട് സഞ്ചരിക്കുകയും, ആകാശം ഉരുകിയ ലോഹം പോലെ തോന്നിപ്പിക്കുകയും ചെയ്യുന്ന ദിവസം; മനുഷ്യന് അവന്റെ യുക്തിയോ ബുദ്ധിയോ കഴിവോ ഒന്നും ഉപയോഗിച്ച് ഈ ഭയാനകതയിൽ നിന്ന് രക്ഷ നേടാൻ സാധിക്കുന്നില്ല. അവൻ പരക്കം പാഞ്ഞ് അവസാനം ഇയ്യാംപാറ്റകളെപ്പോലെ അഗ്നിയിൽ ചാടുകയും സർവ്വതും നശിക്കുകയും ചെയ്യുന്നു. അല്ലാഹു അല്ലാതെ മറ്റൊന്നും അവശേഷിക്കാത്ത രീതിയിൽ. എല്ലായിടത്തും ശ്മശാന നിശബ്ദത മാത്രം. ഇത്രയും കാര്യങ്ങൾ ഖുർആനിൽ അല്ലാഹു വ്യക്തമായി പറഞ്ഞിരിക്കുന്നു. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമടങ്ങുന്ന പ്രപഞ്ചം പരസ്പരം ആകർഷണത്താൽ മാത്രം നിലനിൽക്കുന്നവയാണെന്നും അവയിൽ ഏതെങ്കിലും ചിലതിന്റെ ആകർഷണം കാലക്രമത്തിൽ കുറയുമെന്നും അനന്തരം അവ പരസ്പരം കൂട്ടിമുട്ടിതകർന്ന് വീഴുമെന്നും ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ടതാണല്ലോ? ഈ തകർച്ചയാണ് സാക്ഷാൽ ഖിയാമത്തുനാൾ. അഥവാ ലോകാവസാനം. ഇതോടെ അല്ലാഹു അല്ലാത്ത സർവ്വവും നാശമടയുന്നു. പൂർണ്ണമായശൂന്യതയാണ് പിന്നെ. രക്ഷയും ശിക്ഷയും അനുഭവപ്പെടാത്ത ഈ ശൂന്യത കുറെകാലം തുടരും.



ഒരു പ്രവാശ്യം കൂടി കാഹളത്തിൽ ഊതപ്പെടുന്ന സന്ദർഭത്തിൽ മനുഷ്യോൽപത്തി മുതൽ അന്നേവരെ ജീവിച്ച് മരിച്ചുപോയ ഒരോ മനുഷ്യനും പുനരുജ്ജീവിപ്പിക്കപ്പെടുന്നു. ഭൂമിയിൽ അവർ ഏതുപോലെ ജനിച്ചുവോ അതേ രീതിയിൽ തന്നെ. അവൻ എഴുന്നേറ്റ് വെപ്രാളത്തോടെ ചുറ്റും നോക്കുകയാണ്. മണ്ണിൽ നിന്നും എഴുന്നേറ്റവരെപ്പോലെ അവരുടെ മുടിയിലും ദേഹത്തുമെല്ലാം പൊടിമണ്ണ് നിറഞ്ഞിരിക്കുന്നു. കുറ്റവാളികൾ വിളിച്ചുപറയുന്നു. " ഞങ്ങളുടെ നാശമേ ആരാണ് ഉറക്കത്തിൽ നിന്നും ഞങ്ങളെ ഉണർത്തിയത്" സത്യവിശ്വാസികൾ അവരോട് പറയും. "ഇതാണ് കാരുണ്യവാനായ അല്ലാഹു നമ്മോട് വാഗ്ദാനം ചെയ്തിരുന്ന ദിവസം. പ്രവാചകന്മാർ പറഞ്ഞത് സത്യമായിരുന്നു" അടിച്ച്പരത്തപ്പെട്ട ഭൂമിയിൽ മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുകയാണ്. സൂര്യൻ വളരെ അടുത്തായി അവരുടെ തലക്കുമുകളിൽ താഴ്ത്തപ്പെട്ടിരിക്കുന്നു. ഓരോരുത്തനും അവന്റെ പാപകൃത്യങ്ങൾ അനുസരിച്ച് വിയർപ്പിൽ മുങ്ങിക്കൊണ്ടിരിക്കുന്നു. സുകൃതവാന്മാർക്ക് അർഹതപ്പെട്ട തോതിൽ തണൽ നൽകപ്പെടുകയും ചെയ്യുന്നു. ഓരോരുത്തരുടേയും ഭൂമിയിലെ പ്രവർത്തനങ്ങൾ വിചാരണ ചെയ്യപ്പെടാൻ പോവുകയാണ്.

ആ വിചാരണ പ്രതീക്ഷിച്ചു ആശങ്കയോട് കൂടിയ ദീർഘമായ കാത്തുനിൽപ്പാണ് ഇപ്പോൾ. ആകാശത്തുനിന്ന് മലക്കുകൾ കൂട്ടം കൂട്ടമായി ഇറങ്ങി വരുന്നു. ജനങ്ങൾ വിചാരണ ഇപ്പോൾ നടക്കും എന്ന പ്രതീക്ഷയിലാണ്. ആർക്കും ആരേയും പരിഗണിക്കാൻ സാധിക്കുന്നില്ല. സ്വന്തം രക്ഷക്കുവേണ്ടി എല്ലാവരും പരക്കം പായുകയാണ്. മാതാവിന് കുട്ടിയെ ആവശ്യമില്ല. മകന് പിതാവിനേയോ പിതാവിന് മകനേയോ ശ്രദ്ധിക്കുവാൻ സാധിക്കുന്നില്ല. "എന്റെ കാര്യം എന്താവും, എന്റെ കാര്യം എന്താവും" എന്ന വെപ്രാളം മാത്രം. വിചാരണയാണെങ്കിൽ തുടങ്ങുന്നുമില്ല. ആളുകൾ ശുപാർശക്കുവേണ്ടി ഓരോ പ്രവാചകനേയും സമീപിക്കുന്നു. വേഗം വിചാരണ തുടങ്ങാൻ. പ്രവാചകന്മാർപോലും

ഭയന്ന് ഒഴിഞ്ഞുമാറുകയാണ്. 'എന്റെ നാഥൻ ഇന്ന് വളരെ കോപിഷ്ഠനാണ്' എന്നാണ് എല്ലാവരും പറയുന്നത്. അവസാനം മുഹമ്മദ് നബി(സ) അല്ലാഹുവിന് മുമ്പിൽ സാഷ്ടാംഗം ചെയ്ത് വീഴുകയും അല്ലാഹുവിനോട് വിചാരണക്ക് വേണ്ടി യാചിക്കുകയും ചെയ്യുന്നു.

ഓരോരുത്തർക്കും അവരവരുടെ കർമ്മങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങൾ നൽകപ്പെടുകയാണ്. സൽകർമ്മകാരികൾക്ക് അവരുടെ ഗ്രന്ഥങ്ങൾ നൽകപ്പെടുന്നത് വലത് കൈകളിലായിരിക്കും. നിഷേധികൾക്ക് പിൻഭാഗത്തുകൂടി ഇടതുകയ്യിലായിരിക്കും ഗ്രന്ഥം കൊടുക്കപ്പെടുക. ആ രീതിയിൽ നിന്ന് തന്നെ അവന് മനസ്സിലാവുന്നു അവന്റെ പര്യവസാനമെന്തായിരിക്കുമെന്ന്. അതു മറിച്ചു നോക്കി അവൻ വിലപിക്കുകയാണ്. "എന്താണ് ഈ പുസ്തകത്തിന് പറ്റിയത്. ചെറുതും വലുതുമായ ഒരു കാര്യവും ഇത് വിട്ടുകളിഞ്ഞിട്ടില്ലല്ലോ?"

ഭൂമിയിൽ കളവ് പറഞ്ഞ് ശീലിച്ചവൻ ഇവിടെയും അതൊന്ന് പയറ്റാൻ നോക്കുന്നു. പക്ഷെ കള്ളം പറയുന്ന അവന്റെ നാവിന് 'സീൽ' വെക്കപ്പെട്ടിരിക്കുകയാണ്. അവന് സംസാരിക്കുവാൻ സാധിക്കുന്നില്ല. തെറ്റുകൾ ചെയ്ത അവന്റെ കൈകൾ അവനെതിരെ സാക്ഷിപറഞ്ഞു സംസാരിക്കുവാൻ തുടങ്ങുന്നു. അവന്റെ കണ്ണുകൾ, കാലുകൾ, അവന്റെ ലൈംഗികാവയവങ്ങൾ അവന്റെ തെറ്റുകൾക്ക് സാക്ഷിയായ ഭൂമി എല്ലാം തന്നെ കാര്യങ്ങൾ ഏറ്റുപറയുകയാണ്. നിസ്സഹായനായി ചുറ്റും നോക്കുന്ന അവനെ നോക്കി അവയവങ്ങൾ പറയുകയാണ്. "എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹുവാണ് ഞങ്ങളേയും സംസാരിപ്പിച്ചത്".

ദാഹിച്ചുവലഞ്ഞ ആളുകൾ അൽപം വെള്ളത്തിന് വേണ്ടിപരക്കം പായുമ്പോൾ ഓരോ പ്രവാചകനും അവർക്ക് നൽകപ്പെട്ട കുളങ്ങൾക്കരികിൽ ഇരിക്കുന്നതായിട്ട് അവർ



കാണുകയാണ്. അവരുടെ അനുയായികൾക്ക് അതിൽ നിന്ന് വെള്ളം നൽകപ്പെടുന്നു. നിഷേധികൾ ആട്ടിയോടിക്കപ്പെടുന്നു. മുഹമ്മദ് നബി(സ)ക്ക് മഹ്ശറയിൽ നൽകപ്പെട്ടിട്ടുള്ള കുളമാണ് 'ഹൗളുൽ കൗസർ' ഭൂമിയിൽ നിന്നും നമ്മൾ കാണുന്ന ആകാശം പോലെ തോന്നിപ്പിക്കും 'ഹൗളുൽ കൗസർ' നക്ഷത്രങ്ങൾ കണക്കെ സ്വർണ്ണക്കോപ്പകൾ അതിൽ ഒഴുകിനടക്കും. അതിലെ ജലം തേൻപോലെ മധുരവും കസ്തൂരിപോലെ സുഗന്ധവുമുള്ളതായിരിക്കും. അതിൽ നിന്നും വെള്ളം കുടിച്ചവർക്ക് പിന്നീട് ദാഹമനുഭവപ്പെടുകയില്ല. സ്വർഗ്ഗത്തിലെത്തുന്നത്വരെ.

ഭൂമിയിൽ ചിലർ ഒഴുക്കിനനുസരിച്ച് നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചിരുന്നു. ആൾക്കൂട്ടത്തിൽ കലർന്ന് ജീവിച്ചാൽ ആരും തങ്ങളെ ശ്രദ്ധിക്കുകയില്ലെന്ന് അവർ ധരിച്ചിരുന്നു. ഭക്ത ജനങ്ങളുടെ കൂട്ടത്തിൽകൂടി തന്നിഷ്ടം പ്രവർത്തിച്ചവരും അക്കൂട്ടത്തിലുണ്ട്. ഇവിടെ അതും നടക്കുന്നില്ല.

'ഹേ കുറ്റവാളികളേ! നിങ്ങൾ മാറിനിൽക്കുക' എന്ന് പറഞ്ഞ് ആളുകൾ വേർതിരിക്കപ്പെടുന്നു. ഇതാണ് മഹ്ശറ: അഥവാ വിചാരണക്ക് വേണ്ടി ഒരുമിച്ച്കൂട്ടപ്പെടുന്ന സ്ഥലം.

ഒരോരുത്തന്റെയും നന്മകളും തിന്മകളും ത്രാസിന്റെ രണ്ട് തട്ടുകളിലിട്ട് തൂക്കപ്പെടുകയാണ്. നന്മയുടെ ഭാഗത്തേക്ക് ഒന്ന് കനം തൂങ്ങിക്കിട്ടാനായി കുറ്റവാളികൾ നെട്ടോട്ടമോടുന്നു. തങ്ങൾ ഇഷ്ടപ്പെട്ടിരുന്ന മക്കളേയോ മാതാപിതാക്കളേയോ പോലും അതിന് വേണ്ടി ബലികൊടുക്കാൻ അവർ തയ്യാറാവുന്നു. അതും സ്വീകരിക്കപ്പെടുന്നില്ല. നന്മയുടെ ഭാഗത്തേക്ക് മുൻതൂക്കം കിട്ടിയവർക്ക് സ്വർഗ്ഗവും തിന്മയുടെ ഭാഗത്തേക്ക് മുൻതൂക്കം കിട്ടിയവർക്ക് നരകവും വിധിക്കപ്പെട്ടു. മനുഷ്യൻ ഏറ്റവും വലിയ സുഖഭോഗവസ്തുക്കളായി ഭാവനയിൽ കാണുന്നവയെല്ലാം സ്വർഗ്ഗത്തിലുണ്ടെന്ന് ഖുർആനിലൂടെ അല്ലാഹു അറിയിക്കുന്നു. എന്നാൽ സാക്ഷാൽ സ്വർഗ്ഗത്തിലുള്ളവ മനുഷ്യ ഭാവനക്ക്

ഉൾകൊള്ളാൻ കഴിയാത്തവിധം ഉയർന്ന ഗുണങ്ങളുള്ളവയാണ്. പക്ഷെ, മനുഷ്യ ഭാവനക്ക് ഉൾക്കൊള്ളാൻ കഴിയുന്നവ മാത്രമേ മനുഷ്യന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ആ നിലയിൽ ഖുർആൻ പറയുന്നത് കാണുക.

താഴ് ഭാഗങ്ങളിൽ കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന തോട്ടങ്ങളാണ് സത്യവിശ്വാസികൾക്ക് പ്രതിഫലമായി നൽകപ്പെടുന്ന സ്വർഗ്ഗം. നമ്മുടെ ഭാവനയിൽ നമ്മൾ കാണുന്ന ആകാശഭൂമികളേക്കാൾ വിശാലമായതാണ് സ്വർഗ്ഗത്തിൽ ഓരോരുത്തർക്കും ലഭിക്കുന്ന പങ്ക്. അതിലെ ഒരു വൃക്ഷത്തിന്റെ തണൽ അതിവേഗതയുള്ള ഒരു കുതിര സവാരിക്കാരന് നൂറ് വർഷം നിരന്തരം ഓടിയാലും തീരാത്തയത്ര വ്യാപിച്ചുകിടക്കുന്നതാണ്. അതിലെ മരക്കൊമ്പുകൾ അവർക്കുനേരെ താഴ്ത്തപ്പെട്ടവയും പഴങ്ങൾ കയ്യെത്താവുന്ന അകലത്തിൽ സൗകര്യപ്പെട്ടവയുമായിരിക്കും. അലംകൃതമായ സോഫകളിൽ ചാരിയിരുന്നുകൊണ്ട് അവർ വിശ്രമിക്കും. വെയിലോ കടും തണുപ്പോ അതിൽ അവർ അനുഭവിക്കുകയില്ല. വെള്ളികൊണ്ടുള്ള പാത്രങ്ങളും വെള്ളിയാൽ നിർമ്മിതമായ സ്ഫടികസമാനമായ കൂജകളുമായി പരിചാരകർ അവരെ ചുറ്റിക്കൊണ്ടിരിക്കും. ലഹരിയോ തലവേദനയോ ഉണ്ടാക്കാത്ത മദ്യചഷകങ്ങൾ അവർക്ക് നൽകപ്പെടും. നിത്യകൗമാരം നൽകപ്പെട്ട കുട്ടികൾ അവർക്ക് ചുറ്റും കൂട്ടിനുണ്ടാവും. വിതറിയിട്ട മുത്തുമണികൾപോലെ തോന്നിപ്പിക്കുന്ന കുട്ടികൾ. ഉത്തമമായ തെരഞ്ഞെടുക്കപ്പെട്ട പഴങ്ങളും ഇഷ്ടപ്പെടുന്ന പക്ഷിമാംസഭക്ഷണവും അവർക്ക് നൽകപ്പെടും. വിശാല നേത്രകളായ സുന്ദരിമാർ അവർക്ക് ഇണകളായി നൽകപ്പെടും. ചിപ്പികളിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള മുത്തുമണി കണക്കെയുള്ള ഇണകൾ. സദാ ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികളും ഇലന്തമരത്തോട്ടങ്ങളും വാഴത്തോപ്പുകളും അവർക്ക് നൽകപ്പെടും. അനാവശ്യമായതോ കുറ്റപ്പെടുത്തുന്നതോ ആയ ഒരു സംസാരവും അവർ അതിൽ കേൾക്കുകയില്ല. മനസ്സിന് കുളിർമ്മയും സമാധാനവുമേകുന്ന ശബ്ദങ്ങൾ മാത്രമായിരിക്കും അവർ കേൾക്കുക. വിരിച്ച്



വിതാനിക്കപ്പെട്ട പരവതാനികളും ഉയർന്ന മെത്തകളും അണിയണിയായി വെക്കപ്പെട്ട തലയിണകളും അവർക്ക് നൽകപ്പെടുന്നു. അവർ അതിൽ എന്നെന്നും കഴിഞ്ഞുകൂടുന്നവരായിരിക്കാം. ആവർത്തനവിരസത അവർക്കതിൽ അനുഭവപ്പെടുകയില്ല. സ്വർഗ്ഗം ദൂരെ നിന്ന് കാണിക്കപ്പെടുമ്പോൾ ആളുകൾ അതിൽ പ്രവേശിക്കുവാൻ ധൃതികാണിക്കുകയാണ്. പക്ഷെ അതിന് മുന്നിൽ നരകവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അവസാനം സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ നരകത്തിനു മുകളിൽ ഒരു പാലം സ്ഥാപിക്കപ്പെടുന്നു. വഴുവഴുപ്പുള്ളതും തോട്ടികളും ചങ്ങലകളും കൊളുത്തുകളും നിറഞ്ഞതാണ് ആ പാലം. അവിടെ അതികഠിനമായ അന്ധകാരവുമാണ്. സത്യവിശ്വാസികൾക്ക് അവരുടെ സൽകർമ്മങ്ങളുടെ തോതനുസരിച്ച് പാലത്തിൽ പ്രകാശം നൽകപ്പെടുന്നു. ആദ്യവിഭാഗക്കാർ ഒരു മന്ദമാരുതൻ കടന്നുപോവുന്നത്പോലെ സുഗമമായി പാലം കടന്ന് സ്വർഗ്ഗത്തിൽ പ്രവേശിക്കുകയാണ്. പൂർണ്ണചന്ദ്രനേപ്പോലെ പ്രകാശപൂരിതമാണ് അവരുടെ മുഖങ്ങൾ. അവർക്ക് പിന്നിൽ സൽകർമ്മങ്ങളുടെ പദവി അനുസരിച്ച് ആളുകൾ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. അവസാനത്തെയാൾ വീണും ഉരുണ്ടും മുട്ടിലിഴഞ്ഞും നരകത്തിലേക്ക് ഏതു നിമിഷവും വീണേക്കാം. എന്ന ഭയത്തോട് കൂടിയാണ് കടന്നുപോയത്. കപടവിശ്വാസികളേയും നിഷേധികളെയും പാലത്തിലെ തോട്ടികളും കൊളുത്തുകളും ചങ്ങലകളും പിടികൂടി നരകത്തിലേക്ക് വലിച്ചെറിയുന്നു. മുമ്പ് സ്വർഗ്ഗത്തെപ്പറ്റി പറഞ്ഞത് പോലെ നരകത്തിലെ ഭീകരതകളും കഷ്ടപ്പാടുകളും മനുഷ്യഭാവനക്കതീതമാണ്. പക്ഷെ മനുഷ്യഭാവനക്ക് ഉൾകൊള്ളാൻ കഴിയുന്ന രീതിയിൽ നരകത്തെ അല്ലാഹു പരിചയപ്പെടുത്തുന്നത് നോക്കുക.

ആളിക്കത്തിക്കൊണ്ടിരിക്കുന്ന തീയാണ് നരകം. ഗന്ധകകല്ലുകളും കൽക്കരിയും അതിൽ വീണുകൊണ്ടിരിക്കുന്ന മനുഷ്യരുമാണ് അതിലെ ഇന്ധനം. ഒരു തരം കറുത്ത പുക വമിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ കരിനിഴൽ നരക

ത്തിൽ വ്യാപിച്ചിരിക്കും. വിങ്ങിപ്പൊട്ടുന്ന ഉഷ്ണം മാത്രം പ്രദാനം ചെയ്യുന്ന കറുത്ത നിഴൽ. ഓരോ ഇരയും അതിലേക്ക് വീഴുമ്പോൾ അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും. "നിങ്ങൾക്ക് ഈ ദിനത്തെക്കുറിച്ച് മുന്നറിയിപ്പ് തരുന്ന ഒരു മുന്നറിയിപ്പുകാരൻ വന്നിട്ടില്ലായിരുന്നുവോ?" അവർ പറയും: " വന്നിരുന്നു പക്ഷെ, ശിക്ഷയുടെ തീരുമാനം നിഷേധികളായ ഞങ്ങളുടെ മേൽ അനിവാര്യമായി കഴിഞ്ഞിരിക്കുന്നു." കഠിനഹൃദയരും അതിശക്തരും അല്ലാഹു തങ്ങളോട് കൽപിച്ചതല്ലാതെ മറ്റൊരും കാര്യത്തിനോ സ്ഹായഭ്യർത്ഥനക്കോ ചെവികൊടുക്കാത്തവരുമായ മലക്കുകളായിരിക്കും നരകത്തിന്റെ കാവൽക്കാർ. ഉരുക്കിയ ലോഹം കൊണ്ടുള്ള ചുട്ടുതിളച്ച പാനീയമായിരിക്കും നരകവാസികൾക്ക് കുടിക്കാൻ നൽകപ്പെടുക. ദാഹിച്ച ഒട്ടകം ആർത്തിയോടെ വെള്ളം കുടിക്കുന്നത് പോലെ അവരത് കുടിച്ച് വയർ നിറക്കും. അതിയായ കയ്പുള്ള വയറ്റിലെത്തിയാൽ തിളിച്ചു മറിയുന്ന 'സഖും' എന്ന ചെടിയാണ് അവർക്ക് ഭക്ഷണമായി നൽകപ്പെടുക. അസഹ്യമായ ദുർഗന്ധമാണ് ആ ചെടിയിൽ നിന്ന് വന്നുകൊണ്ടിരിക്കന്നത്. വയറ്റിലെത്തിയാൽ ചൂടുവെള്ളംപോലെ അത് തിളച്ചുകൊണ്ടിരിക്കും. കത്തുന്ന താർപായ പോലുള്ള വസ്ത്രങ്ങളാണ് അവർക്ക് നൽകപ്പെട്ടിരിക്കുന്നത്. തീകൊണ്ടുള്ള വിരിപ്പും പുത്പ്പും വേറെയും. സഹികെട്ട് പുറത്തുചാടാൻ ശ്രമിച്ചാൽ കനത്ത ഇരുമ്പ് കുന്തങ്ങളാൽ അവർ അതിലേക്ക് തന്നെ തള്ളിയിടപ്പെടുന്നു. ഇരുമ്പുചങ്ങലകളാലും പിരടിയിലും കൈകളിലും വെച്ച ആമങ്ങളാലും ബന്ധിതരാണവർ. അവരുടെ ചർമ്മങ്ങൾ അഗ്നിയിൽ വെന്തെരിയുമ്പോൾ വീണ്ടും വീണ്ടും വെന്തെരിയുവാൻ അവർക്ക് ചർമ്മങ്ങൾ മാറ്റിമാറ്റി കൊടുക്കപ്പെടും. സത്യത്തിൽ നിന്ന് മുഖം തിരിഞ്ഞ് പിന്മാറിയ സാധ്യമായ എല്ലാ മാർഗ്ഗത്തിൽ കൂടിയും അന്യായമായി ധനം സമ്പാദിച്ച് കെട്ടിപ്പൂട്ടിവെച്ച എല്ലാവരേയും ആ അഗ്നി 'വാടാ വാടാ' എന്ന് പറഞ്ഞുവിളിച്ച് പിടികൂടി കരിയിച്ചുകൊണ്ടിരിക്കും: അത് ഒന്നിനെയും വിട്ടുകളയില്ല. മനുഷ്യൻ അതിൽ ജീവിക്കുകയോ മരിക്കുകയോ ചെയ്യുകയില്ല.



വെട്ടിത്തിളക്കുന്ന ലോഹദ്രാവകവും മുറിവുകളിൽ നിന്നുള്ള ചലവും മാത്രമാണ് അവർക്കതിൽ ദാഹശമനത്തിന് ലഭിക്കുക. ചുട്ടുതിളക്കുന്ന വെള്ളം അവരുടെ ശിരസ്സുകളിലൊഴുക്കപ്പെടും, അവരതിൽ നിത്യവാസികളായിരിക്കും. ഇത്രയും കടുത്ത നരകാവസ്ഥയിൽ മനുഷ്യ ജീവൻ നിലനിൽക്കുകയൊ? എന്ന് ചിലർ ചോദിക്കുന്നു. എന്നാൽ ചൂടും തണുപ്പും ആപേക്ഷികമാണ്. ഏതു കടുത്ത ചൂടിലും തണുപ്പിലും നശിച്ചു പോകാത്ത രോഗാണുക്കളും മറ്റു ജീവികളുമുണ്ടെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണല്ലോ? അല്ലാഹു വിചാരിച്ചാൽ ഏത് പ്രതികൂല സാഹചര്യത്തിലും ഏത് ജീവിയുടെയും ജീവൻ നിലനിർത്താൻ അവന്ന് കഴിയും.

# വിധിയിലുള്ള വിശ്വാസം

പ്രപഞ്ചം മുഴുവനും അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ്. ചരിച്ചുകൊണ്ടിരിക്കുന്നത്. അവന്റെ വിധി നിർണ്ണയങ്ങൾക്കനുസരിച്ച് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നു. ഒരു പരിധിവരെ ഇച്ഛാശക്തിയും വിവേചനാധികാരവും മനുഷ്യന് നൽകപ്പെട്ടിട്ടുണ്ടെങ്കിലും അല്ലാഹുവിന്റെ വിധി അവനെയും വലയം ചെയ്യപ്പെട്ടിരിക്കുന്നു. മനുഷ്യന് സൗന്ദര്യമുണ്ടാവുന്നതും ഇല്ലാതാവുന്നതും, രോഗമോ ആരോഗ്യമോ ലഭിക്കുന്നതും ബുദ്ധിയിലും ഗ്രാഹ്യശക്തിയിലും ഏറ്റക്കുറവുകൾ സംഭവിക്കുന്നതും അവന്റെ ജനനവും മരണവുമെല്ലാം നിശ്ചയിക്കുന്നതും അല്ലാഹുവിന്റെ വിധി പ്രകാരമാണ്. ഒരാളുടെ